നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ്

69 (3628) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യൂ.ഡി. എറണാകുളം ഡിവിഷൻ ആലുവ സബ് ഡിവിഷന്റെ കീഴിൽ നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് പണി ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) നെടുമ്പാശ്ശേരി-അങ്കമാലി എയർപോർട്ട് റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഓച്ചിറ-ആയിരംതെങ്ങ് റോഡ് പണി പൂർത്തിയാക്കാൻ നടപടി

70 (3629) ശ്രീ. എ. എൻ. രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ ഓച്ചിറ-ആയിരംതെങ്ങ് റോഡ് ടെണ്ടർ നൽകിയിട്ടും കഴിഞ്ഞ രണ്ടു വർഷങ്ങളായി പണി പൂർത്തിയാക്കാതെ കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതിന്റെ കോൺട്രാക്ടർക്ക് പണി പൂർത്തിയാക്കാൻ എത്ര തവണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇനിയും കാലതാമസം ഇല്ലാതെ ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് തവണ.

(സി) ഈ റോഡ് പണി ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ ചെയ്തു തീർക്കുവാൻ കോൺട്രാക്ടർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്.

തെക്കേടത്ത് കടവ് പാലത്തിന്റെ നിർമ്മാണം

71 (3630) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തെക്കേടത്ത് കടവ് പാലത്തിനുള്ള എസ്റ്റിമേറ്റ് സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly